(എഫ്) പോലീസ് വാഹനം ഓടിക്കുന്നതിന് അംഗീകാരം നൽകിയിട്ടുള്ള പോലീസുദ്യോഗസ്ഥരുടെ എണ്ണം 831. ഇവർ എല്ലാവരുംതന്നെ നിശ്ചിത യോഗ്യത ലഭിച്ചിട്ടുള്ളവരാണ്. ആരെയും നിർബന്ധിതമായി ഡിപ്പാർട്ടുമെന്റ് വാഹനം ഓടിക്കുന്നതിന് നിയോഗിച്ചിട്ടില്ല.

(ജി) പോലീസ് വാഹനങ്ങളുണ്ടാക്കുന്ന അപകടത്തിൽ കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർ നിയമ നടപടികളിൽനിന്നും ഒഴിവാക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ആലപ്പുഴ ജില്ലയിൽ വർദ്ധിച്ചുവരുന്ന മോഷണം

145 (4480) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ മോഷണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ആലപ്പുഴ ജില്ലയിൽ എത്ര മോഷണ കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ; ഇതിൽ എത്ര കേസുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ട് ;

(സി) അരൂർ നിയോജകമണ്ഡലം എം.എൽ.എ.-യുടെ വീട്ടിൽ നടന്ന മോഷണവുമായി ബന്ധപ്പെട്ട പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ; വിശദാംശം നൽകാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) അറസ്റ്റ് ചെയ്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 780/2015 U/s 457, 461, 380 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിത അന്വേഷണം നടത്തിവരുന്നു.

ഉഴവൂർ മോനിപ്പള്ളി ജോസഫ് കുര്യന്റെ കൊലപാതകം

146 (4481) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ഉഴവൂർ പഞ്ചായത്ത് മോനിപ്പള്ളി വില്ലേജിൽ ജോസഫ് കുര്യൻ എന്ന ബേബിയുടെ കൊലപാതകത്തെക്കുറിച്ചുള്ള പോലീസ് അന്വേഷണത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly